LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ മുൻ അംഗമായിരുന്ന ശ്രീ. സി. രാജൻ സമർപ്പിച്ച അപേക്ഷയിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണം**

150 (5877) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നോട്ട് നിരോധനവും അതേ തുടർന്ന് കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് കൊണ്ടുവന്ന നിയന്ത്രണവുംമൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധി മറികടക്കാൻ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും സഹകരണ മേഖലയിലുണ്ടായ താൽക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല ദിനമായി ആചരിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. ഇതിലൂടെ നിക്ഷേപകരുടെയും അംഗങ്ങളുടെയും വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം**

151 (5878) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ 2017 ജനുവരിയിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിലേക്കായി ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റാങ്ക് പട്ടികയിൽ നിന്നുതന്നെ തുടർന്നുള്ള നിയമനവും നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ ഇപ്പോഴത്തെ രീതിക്ക് മാറ്റം വരുത്തിയാലും തുടർന്നുണ്ടാകുന്ന ഒഴിവുകളിലേക്കും ഇപ്പോൾ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും തുടർന്നും നിയമനം നടത്തുമോയെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

(എ)

| ജില്ല | ഒഴിവുകൾ |
|---|---|
| തിരുവനന്തപുരം | നിലവിൽ ഒഴിവുകളില്ല |
| കൊല്ലം | നിലവിൽ ഒഴിവുകളില്ല |
| പത്തനംതിട്ട | 7 |
| ആലപ്പുഴ | നിലവിൽ ഒഴിവുകളില്ല |
| കോട്ടയം | നിലവിൽ ഒഴിവുകളില്ല |
| ഇടുക്കി | 20 |
| എറണാകുളം | 16 |
| തൃശ്ശൂർ | നിലവിൽ ഒഴിവുകളില്ല |
| പാലക്കാട് | 6 |
| മലപ്പുറം | 4 |
| കോഴിക്കോട് | 23 |
| വയനാട് | 5 |
| കണ്ണൂർ | നിലവിൽ ഒഴിവുകളില്ല |
| കാസർഗോഡ് | 26 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ റാങ്ക് പട്ടികയിൽ നിന്നുതന്നെ തുടർന്നുള്ള നിയമനവും നടത്തും.

(സി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ നടക്കുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന വിഷയത്തിലും തീരുമാനമുണ്ടാകുന്നതാണ്.

**കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ കാഷ്യർ തസ്തിക**

152 (5879) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/കാഷ്യർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ എത്ര സ്ഥിര ജീവനക്കാരും എത്ര താല്ക്കാലിക ജീവനക്കാരും ജോലിചെയ്യുന്നുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2014-ലെ റീ-ക്ലാസിഫിക്കേഷൻ പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ക്ലാർക്ക്/ കാഷ്യർ തസ്തികകളുടെ എണ്ണം 132 ആണ്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 157 സ്ഥിരം ജീവനക്കാരുണ്ട്. അധികമായുള്ള ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർത്തിയിട്ടുള്ളതാണ്. ബാങ്കിന്റെ താൽക്കാലിക ജീവനക്കാർ ആരും തന്നെ ഇല്ല. നിലവിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ ഒഴിവുകളില്ല.

(സി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ 2 എൻ.ജെ.ഡി.ഒഴിവുകൾ 16-3-2017-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേപ്പ് എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റാഫ് നിയമനം**

153 (5880) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly